**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4687**

**22.03.2018 ലെ മറുപടിയ്ക്ക്**

**<u>കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഹൈബി ഈഡൻ** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| ബി | പ്രസ്തുത ഡിപ്പാർട്മെന്റിന് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ വിനിയോഗം വിലയിരുത്തുമോ;വ്യക്തമാക്കാമോ; | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകകളും നാളിതു വരെയുള്ള ചെലവിനത്തിന്റെയും നീക്കിയിരുപ്പിന്റെയും വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| സി | പ്രസ്തുത ഡിപ്പാർട്മെന്റിന് വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ 15 ശതമാനം പോലും ചെലവഴിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | 17.03.2018 വരെയുള്ള കണക്കനുസരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ പദ്ധതി തുകയുടെ 49.26% തുക ചെലവഴിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

**അനുബന്ധം-1**

1. ത്രിതല പഞ്ചായത്തുകൾ,നഗരസഭകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ സാംസ്കാരിക സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ, ഹൗസിങ്ങ് ബോർഡ് ഉൾപ്പെടെ സർക്കാർ ഉത്തരവ് മുഖേന ചുമതലപ്പെടുത്തിയിട്ടുള്ള മറ്റ് സ്ഥാപനങ്ങളുടെയും തദ്ദേശനിധികളുടെയും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും അടക്കം 8200 ലധികം സ്ഥാപനങ്ങളുടെ ഓഡിറ്റ് 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായും സമയബന്ധിതമായും ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുന്നു.

2. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുക. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പും 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 20 ാം ചട്ടവും പ്രകാരം സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം അതാത് സ്ഥാപനങ്ങൾക്ക് റവന്യൂ റിക്കവറിക്ക് കഴിയുംവിധം ചാർജ്/സർചാർജ് നടപടി സ്വീകരിക്കുന്നു.

3. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 25 എന്നിവ പ്രകാരം സംസ്ഥാന ഓഡിറ്റ് ഡയറക്ടർ ഓരോ വർഷവും സെപ്റ്റംബർ 30-നുമുമ്പായി മുൻ സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരേണ്ട പരാമർശങ്ങൾ/വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു 'സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്' സർക്കാരിന് സമർപ്പിക്കുന്നു.

4. ചാരിറ്റബിൾ എന്റോവ്മെന്റ് നിയമത്തിലെ സെക്ഷൻ 3(i) (സെൻട്രൽ ആക്ട് vi 1890)പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സംസ്ഥാനത്തെ ചാരിറ്റബിൾ എന്റോവ്മെന്റുകളുടെ ട്രഷററായി പ്രവർത്തിക്കുന്നു.

5. ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളനിർണ്ണയം, പെൻഷൻ ശുപാർശ നൽകൽ എന്നിവയും സർക്കാരിന് ആവശ്യമായ വിവരങ്ങളും വകുപ്പിൽ നിന്ന് നൽകി വരുന്നു.

6. ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് കണക്കാക്കുകയും അവ സർക്കാരിലേയ്ക്ക് ഒടുക്കുന്നത് നിരീക്ഷിക്കുകയും ചെയ്യുന്നു.

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം-2

1. പ്ലാൻ

| ക്രമ നം. | ശീർഷകം | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | 2054-00-098-88-00-34-00-P-V | 22,000,000/- | 10,838,193/- | 11,161,807/- |

2. നോൺ പ്ലാൻ

| ക്രമ നം. | ശീർഷകം | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | 2054-00-098-99-00-01-04-N-V | 1,540,000/- | 1,539,983/- | 17/- |
| 2 | 2054-00-098-99-00-04-01-N-V | 27,500,000/- | 27,499,404/- | 596/- |
| 3 | 2054-00-098-99-00-04-02-N-V | 600,000/- | 368,503/- | 231,497/- |
| 4 | 2054-00-098-99-00-05-01-N-V | 187,000/- | 187,000/- | 0/- |
| 5 | 2054-00-098-99-00-05-02-N-V | 1,036,000/- | 721,615/- | 314,385/- |
| 6 | 2054-00-098-99-00-05-03-N-V | 425,000/- | 424,733/- | 267/- |
| 7 | 2054-00-098-99-00-05-04-N-V | 3,459,000/- | 3,306,854/- | 152,146/- |
| 8 | 2054-00-098-99-00-06-00-N-V | 2,881,000/- | 2,808,938/- | 72,062/- |
| 9 | 2054-00-098-99-00-17-00-N-V | 200,000/- | 0/- | 200,000/- |
| 10 | 2054-00-098-99-00-21-02-N-V | 247,000/- | 246,218/- | 782/- |
| 11 | 2054-00-098-99-00-45-00-N-V | 662,000/- | 596,980/- | 65,020/- |
| 12 | 2054-00-098-99-00-04-04-N-V | 600,000 | 234,435 | 365,565 |
| 13 | 2054-00-098-99-00-26-00-N-V | 1,000/- | 0/- | 1,000/- |
| 14 | 2054-00-098-99-00-02-01-N-V | 2,019,000/- | 1,991,998/- | 27,002/- |
| 15 | 2054-00-098-99-00-02-02-N-V | 297,000/- | 289,639/- | 7,361/- |
| 16 | 2054-00-098-99-00-02-03-N-V | 151,000/- | 15,276/- | 135,724/- |
| 17 | 2054-00-098-99-00-02-05-N-V | 4,066,000/- | 3,660,603/- | 405,397/- |

അക്കൗണ്ട്സ് ഓഫീസർ